**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ

തിരുവനന്തപുരം. 695033

E-mail:vig.vacb@kerala.gov.in

ഫോൺ നം. 0471-2305393


തീയതി. 19.12.2024

# വിജിലൻസിൻെറ മിന്നൽ പരിശോധനയിൽ കൈക്കൂലിയായി വാങ്ങിയ മദ്യക്കുപ്പികൾ എക്സൈസ് ഉദ്യോഗസ്ഥരിൽ നിന്നും കണ്ടെടുത്തു.

തൃപ്പൂണ്ണിത്തുറ പേട്ട ജംഗ്ഷനിലെ ബിവറേജസ് കോർപ്പറേഷൻെറ വെയർഹൗസിൽ ഡ്യൂട്ടി ചെയ്യുന്ന എക്സൈസ് ഉദ്യോഗസ്ഥർ സ്ഥിരമായി ബിവറേജസ് കോർപ്പറേഷൻെറ ഔട്ട് ലെറ്റുകളിലേക്ക്, വെയർഹൗസിൽ നിന്നും പോകുന്ന ഓരോ ലോഡിനും മദ്യക്കുപ്പികൾ കൈക്കൂലിയായി വാങ്ങുന്നു എന്ന വിവരത്തിൻെറ അടിസ്ഥാനത്തിൽ എറണാകുളം വിജിലൻസ് എസ്.പി.യുടെ നേതൃത്വത്തിൽ എറണാകുളം വിജിലൻസ് യൂണിറ്റ് തൃപ്പൂണ്ണിത്തുറ ബിവറേജസ് കോർപ്പറേഷൻ വെയർഹൗസിൽ 18.12.2024 തീയതി മിന്നൽ പരിശോധന നടത്തി. മിന്നൽ പരിശോധന വേളയിൽ 4 ലിറ്റർ മദ്യമാണ് സർക്കിൾ ഇൻസ്പെക്ടർ ഉനൈസ് അഹമ്മദ്, പ്രിവൻറീവ് ഓഫീസർ സാബു കുര്യാക്കോസ് എന്നിവരിൽ നിന്നും പിടിച്ചെടുത്തത്. ബിവറേജസ് കോർപ്പറേഷൻെറ വെയർഹൗസിൽ നിന്നും, ബെവ്കോ വിൽപ്പന ശാലകളിലേക്കും ബാറുകളിലേക്കും കൊണ്ടുപോകുന്ന എല്ലാ ലോഡുകളും പരിശോധിച്ച് റിലീസിംഗ് ഓർഡർ നൽകുന്നത് എക്സൈസ് ഇൻസ്പെക്ടർ ആണ്. ആയതിന് വേണ്ടി എല്ലാ വെയർഹൗസുകളിലും ഒരു എക്സൈസ് ഇൻസ്പെക്ടറും മറ്റ് 2 എക്സൈസ് ഉദ്യോഗസ്ഥരും ഡ്യൂട്ടിയിൽ

ഉണ്ടാകും. ഇത്തരത്തിൽ ബിവറേജസ് കോർപ്പറേഷൻെറ ഔട്ട് ലെറ്റുകളിലേക്ക് കൊണ്ടുപോകുന്ന ലോഡിനും മദ്യക്കുപ്പികൾ കൈക്കൂലിയായി വാങ്ങിയതാണ് വിജിലൻസ് പിടിച്ചെടുത്തത്. ബാറുകളിലേക്ക് പോകുന്ന ലോഡുകൾക്ക് പണം വാങ്ങുന്നതായും വിജിലൻസിന് വിവരം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർ അന്വേഷണം നടത്തുന്നതാണെന്ന് വിജിലൻസ് ഡയറക്ടർ അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിൻെറ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.